\

# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *97** — **05.03.2018-ൽ മറുപടിയ്ക്ക്**

## മരാമത്ത് പണികളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ . എൻ. ഷംസുദ്ദീൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് മാന്വൽ പ്രകാരം നടപ്പിലാക്കുന്നുണ്ട്. പൊതുമരാമത്ത് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും, മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തനം നടത്തി വരുന്നു. പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും, സുതാര്യതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി |

2

സർക്കാർ ഉത്തരവ് G.O(Ms) No. 01/2018/PWD dated, 05/01/2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചു വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്ത പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുക, സാമ്പിളുകൾ ശേഖരിക്കുക, ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറാണ് ഉള്ളത്. ആയതിന്റെ പരിശോധനാ ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൽട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

| | |
|---|---|
| (ബി) ഗുണനിലവാരം പുലർത്താത്ത കേസ്സുകളിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്എന്ന് | (ബി) ഗുണനിലവാരം പുലർത്താത്ത കേസുകളിൽ പ്രസ്തുത പ്രവൃത്തികളുടെ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരവും പൊതുമരാമത്ത് മാന്വൽ പ്രകാരവുമുള്ള |

| | |
|---|---|
| വിശദമാക്കാമോ; | നടപടികളും സ്വീകരിക്കുന്നുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടു കൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| **(സി)** ഗുണനിലവാര പരിശോധനാ സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ? | **(സി)** പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ